# രണ്ടാം പാദവാർഷിക മൂല്യനിർണയം 2017

## സാമൂഹ്യശാസ്ത്രം

സ്റ്റാന്റേർഡ് : VIII

സമയം : $1\frac{1}{2}$ മണിക്കൂർ
ആകെ സ്കോർ : 40

---

നിർദേശങ്ങൾ:

- പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചതിനുശേഷം മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 7 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു സ്കോർ വീതം.**
**എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.**

1. കേരളത്തിലെ നവീന ശിലായുഗകേന്ദ്രം ഏത്? (1)
(ഭിംബേഡ്ക, എടക്കൽ, തക്കലകോട്ട, ബാഗർ)

2. താഴെ നൽകിയിട്ടുള്ളതിൽ ആഗ്നേയ ശിലകൾക്ക് ഉദാഹരണമേത്? (1)
(മാർബിൾ, സ്ലേറ്റ്, ബസാൾട്ട്, മണൽക്കല്ല്)

3. ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങിയ പ്രകൃതിദത്ത സവിശേഷതകൾ ചിത്രീകരിക്കുന്ന ഭൂപടങ്ങൾ ഏത് പേരിൽ അറിയപ്പെടുന്നു? (1)
(സാംസ്കാരിക ഭൂപടം, കഡസ്ട്രൽ ഭൂപടം, വലിയതോത് ഭൂപടം, ഭൗതിക ഭൂപടം)

4. മൗര്യരാജ്യത്തിന് ഇന്ത്യയിലെ ആദ്യത്തെ സാമ്രാജ്യം എന്ന പദവി നേടിക്കൊടുത്ത ഘടകങ്ങൾ എന്തെല്ലാം? (2)

5. കാൾ മാർക്സിന്റെ സാമ്പത്തികശാസ്ത്ര ആശയങ്ങളെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കുക. (2)

6. ഫ്ലോചാർട്ട് പൂർത്തിയാക്കുക. (2)




7. ശതവാഹന കാലഘട്ടത്തിലെ ഇന്ത്യയിലെ ഭൂദാനത്തെക്കുറിച്ചെഴുതുക. (2)

**8 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.**
**ഓരോന്നിനും 3 സ്കോർ വീതം.**

**(4x3 = 12)**

8. മഹാശിലാസ്മാരകങ്ങളുടെ അവശിഷ്ടങ്ങളിൽ നിന്ന് പ്രാചീന തമിഴകത്തെക്കുറിച്ച് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്?

9. ഭൂപടങ്ങളിൽ ഉപയോഗിക്കാറുള്ള നിറങ്ങളും സവിശേഷതകളും ഉൾപ്പെടുത്തിയ പട്ടിക പൂർത്തിയാക്കുക.

| എ | ബി |
|---|---|
| • മഞ്ഞ | കൃഷിയിടങ്ങൾ |
| • .........(എ)............... | പാർപ്പിടങ്ങൾ |
| • നീല | .........(ബി)............... |
| • .........(സി)............... | പാറക്കൂട്ടങ്ങൾ |

10. പ്രാചീന തമിഴകത്തിലെ വിനിമയവുമായി ബന്ധപ്പെട്ട പദങ്ങളാണ് ചുവടെ കൊടുത്തിട്ടുള്ളത്. അവ ഓരോന്നും എന്തെന്ന് വ്യക്തമാക്കുക.

എ. നൊടുത്തൽ ബി. അല്ലലാവണം

സി. നാളങ്ങാടി

11. പേർഷ്യക്കാരുടെ ഇന്ത്യൻ ആക്രമണത്തിന്റെ ഫലങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണം എഴുതുക.

12. ശ്രീബുദ്ധന്റെ പ്രധാന തത്വങ്ങൾ ഏതെല്ലാം?

**13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 4 സ്കോർ വീതം.**

**(3x4 = 12)**

13. ഗാന്ധിജി മുന്നോട്ടുവച്ച സാമ്പത്തിക ആശയങ്ങളെക്കുറിച്ച് വിവരണം തയ്യാറാക്കുക.

14. സപ്തസൈന്ധവ പ്രദേശത്തെ ജനജീവിതത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം?

15. ഭൗതികഭൂപടങ്ങളും സാംസ്കാരിക ഭൂപടങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ ഉദാഹരണസഹിതം വ്യക്തമാക്കുക.

16. 'എ' കോളത്തിന് യോജിച്ചവ 'ബി' കോളത്തിൽ നിന്ന് തെരഞ്ഞെടുത്തഴുതുക.

| | എ | ബി |
|---|---|---|
| എ. | രാജ്യസഭ | തുത്തൻഖാമൻ |
| ബി. | ഈജിപ്ഷ്യൻ സംസ്കാരം | സ്പീക്കർ |
| സി. | ലോകസഭ | സർ ജോൺ മാർഷൽ |
| ഡി. | സിന്ധുനദീതടസംസ്കാരം | ഉപരാഷ്ട്രപതി |

**17 മുതൽ 18 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനു മാത്രം ഉത്തരമെഴുതുക. സ്കോർ 5**

**(1x5 = 5)**

17. പഴന്തമിഴ് പാട്ടുകളെക്കുറിച്ച് കുറിപ്പ് തയാറാക്കുക

സൂചകങ്ങൾ :

- സാഹിത്യം
- പ്രതിപാദ്യ വിഷയങ്ങൾ

18. ഭൂപടങ്ങളിൽ മൂന്ന് രീതികളിൽ തോത് രേഖപ്പെടുത്താറുണ്ട്. അവ ഏതെല്ലാം? ഏതെങ്കിലും രണ്ട് രീതികളെക്കുറിച്ച് വിശദീകരിക്കുക.